(ബി) നിലവിലുള്ള സർക്കാർ ഉത്തരവു പ്രകാരം (25-4-2003-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 23/2003/വനം) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആദിവാസി വനസംരക്ഷണ സമിതികൾക്കാണ്.

(സി) വനവിഭവശേഖരണം നടത്തുന്നതിനുള്ള ആദിവാസികളുടെ അവകാശം സർക്കാർ എടുത്തുകളഞ്ഞിട്ടില്ല.

കാർഷിക കയറ്റുമതി മേഖലകൾ

17 (*227) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. മുരളി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി ഏതെല്ലാം ഉല്പന്നങ്ങൾക്കുള്ള കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നു ;

(സി) കാർഷിക കയറ്റുമതി മേഖലകൾ മുഖേനയുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) പച്ചക്കറികൾ, വാഴ, കൈതച്ചക്ക എന്നിവയുടെ കാർഷിക കയറ്റുമതി മേഖലയാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത്.

(ബി) ഔഷധസസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പക്കൃഷി എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

(സി) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി മെച്ചപ്പെടുത്തി കർഷകർക്ക് സുസ്ഥിരമായ ആദായം ലഭ്യമാക്കുക എന്നതാണ് കാർഷിക കയറ്റുമതി മേഖലയുടെ പ്രധാന ഉദ്ദേശ്യം (വിശദീകരണ കുറിപ്പ് കാണുക).*

കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

18 (*228) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly